ഭരണഭാഷ മാതൃഭാഷ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കൻഡറി വിഭാഗം.
ജഗതി, തിരുവനന്തപുരം
ഇ-മെയിൽ -jd1hse.dge@kerala.gov.in;
ഫോൺ:0471-2580738

എച്ച് എസ് ഇ/9410/2024-എ സി ഡി
എസ് പി എൽ1

തീയതി:29-10-2024

## സർക്കുലർ

വിഷയം: പൊ.വി.വ – ഹ.സെ.വി – 2024-2025 വർഷത്തെ ബി പി എൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് റിന്യൂവലിൽ (രണ്ടാം വർഷ വിദ്യാർത്ഥികൾക്കുള്ള) ജനറൽ,എസ് സി- എസ് റ്റി, ആർട്സ്-സ്പോർട്സ്-ഭിന്നശേഷി കാറ്റഗറി സ്കോളർഷിപ്പ് തുക വിതരണം സംബന്ധിച്ച പ്രിൻസിപ്പൽമാർക്കുള്ള നിർദേശങ്ങൾ

സൂചന: 1)27/09/2024 ലെ എച്ച് എസ് ഇ/9410/2024- എ സി ഡി എസ് പി എൽ1 ഉത്തരവുകൾ(ജനറൽ-14 ഡിസ്ട്രിക്റ്റ്)

2)15/10/2024 ലെ എച്ച് എസ് ഇ/9410/2024- എ സി ഡി എസ് പി എൽ1 ഉത്തരവ്(എസ് സി/എസ് റ്റി)

3)15/10/2024 ലെ എച്ച് എസ് ഇ/9410/2024- എ സി ഡി എസ് പി എൽ1 ഉത്തരവ്(ആർട്സ്-സ്പോർട്സ്-ഭിന്നശേഷി)

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.2024-2025 വർഷത്തെ ബി പി എൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് റിന്യൂവലിൽ (രണ്ടാം വർഷ വിദ്യാർത്ഥികൾക്കുള്ള)ജനറൽ,എസ് സി- എസ് റ്റി,ആർട്സ്-സ്പോർട്സ്-ഭിന്നശേഷി കാറ്റഗറി ഗുണഭോക്താക്കൾക്കുള്ള തുകകൾ പ്രിൻസിപ്പൽമാർക്ക് അലോട്ട്മെന്റായി അനുവദിച്ച് കഴിഞ്ഞിട്ടുള്ളതാകുന്നു.ആയത് ഉടൻ തന്നെ ഗുണഭോക്താക്കൾക്ക് ഉത്തരവിൽ നിർദേശിക്കും പ്രകാരം മാറി നൽകേണ്ടതാണ്.

ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് തുക കൈമാറുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടത്

1)സൂചന ഉത്തരവുകൾ സ്കോളർഷിപ്പ് പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പോർട്ടലിലെ സ്കൂൾ ലോഗിനിൽ ലഭ്യമാണ്.

2)സ്കോളർഷിപ്പ് ഇനത്തിൽ അലോട്ട്മെന്റ് ലഭിച്ചാലുടൻ തന്നെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രഷറി മുഖാന്തിരം ട്രാൻസഫർ ക്രെഡിറ്റായി മാറി നൽകേണ്ടതാണ്.

3)ഗുണഭോക്താക്കളുടെ അക്കൗണ്ട് ആക്ടീവ് ആണെന്ന് ഉറപ്പു വരുത്തി കൃത്യമായ വിവരങ്ങൾ ബില്ലിനൊപ്പം നൽകുക.

4)ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ പാസ്സായിട്ടുണ്ടോ എന്നും ശരിയായ അക്കൗണ്ടിലേക്കാണോ ക്രെഡിറ്റ് ചെയ്തിട്ടുള്ളത് എന്നത് യഥാസമയം UTR പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.തെറ്റുകൾ ഉണ്ടായാൽ തിരുത്തൽ വരുത്തി 15 ദിവസത്തിനകം പുനഃസമർപ്പിക്കാവുന്നതാണ്. സർക്കാർ ഫണ്ടിലേക്ക് തിരികെ ക്രെഡിറ്റായ തുക വീണ്ടും അനുവദിക്കുന്നതല്ല.

5)സ്കോളർഷിപ്പ് ഉത്തരവിൽ ഉൾപ്പെടുകയും ഏതെങ്കിലും കാരണവശാൽ ബിംസിൽ അലോട്ട്മെന്റ് ലഭ്യമാവാതിരിക്കുകയും ചെയ്ത സ്കൂളുകൾ ഉണ്ടെങ്കിൽ dhsescholarships@gmail.com എന്ന ഇ മെയിലിലേക്ക് 15 ദിവസത്തിനകം അറിയിക്കേണ്ടതാണ്.

6)കുട്ടികളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആവാതെ സർക്കാർ ഫണ്ടിലേക്ക് വരവ് വെക്കുന്ന തുക യാതൊരു കാരണവശാലും വീണ്ടും അനുവദിക്കുന്നതല്ല ആയത് പ്രിൻസപ്പലിന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

7)KFC form 44 ൽ ബി പി എൽ മെറിറ്റ് കം മീൻസ് സകോളർഷിപ്പ് റിന്യൂവൽ 2024-25 (ജനറൽ,എസ് സി/എസ് റ്റി,ആർട്സ്-സ്പോർട്സ്-ഭിന്നശേഷി) എന്നീ മൂന്ന് വിഭാഗത്തിന്റെയും വിശദാംശങ്ങൾ ഒറ്റ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ആയി തയ്യാറാക്കി വെക്കേണ്ടതും അപ്ലോഡ് ചെയ്യുന്നതിന് ലിങ്ക് നൽകുന്ന മുറയ്ക്ക് (ഏപ്രിൽ 2025 ആദ്യവാരം) സ്കോളർഷിപ്പ് പോർട്ടൽ വഴി സമർപ്പിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ
അക്കാദമിക്

gned by
ıajitha S
ate: 29-10-2024 14:47:56